Your favourite newspaper at your fingertips SUBSCRIBE, 9656571354
morning news daily




# ജീവിത വിജയത്തിന് മാറ്റങ്ങൾ അനിവാര്യമാണ്

41



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

www.morningnewsdaily.org

> ജീവിതത്തിൽ പുരോഗതി കൈവരിക്കാൻ, നിങ്ങൾ എല്ലായ്പ്പോഴും മാറ്റങ്ങൾ മുൻകൂട്ടി കാണുകയും സജീവമായി പ്രവർത്തിക്കുകയും വേണം

മാറ്റം പലരേയും അസ്വസ്ഥമാക്കുന്ന ഒന്നാണ് പ്രത്യകിച്ചും അത് യാതനനിറഞ്ഞതാണെങ്കിൽ. മാറ്റം ജീവിതത്തിൽ അനിശ്ചിതത്വം സൃഷ്ടിച്ചേക്കാം. എന്നിരുന്നാലും, മാറ്റങ്ങൾ യാഥാർത്ഥ്യബോധത്തോടെ കാണുകയും ബോധപൂർവം പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ നിങ്ങൾ ആത്മവിശ്വാസത്തോടെ അവയെ നേരിടാൻ പ്രാപ്തരായിത്തീരുന്നു. മാറ്റത്തെ ഫലപ്രദമായി നേരിടാൻ നിങ്ങൾ ചിലപ്പോൾ നിങ്ങളുടെ വിജയത്തിലേക്കുള്ള യാത്രയെ താൽക്കാലികമായി നിർത്തിവയ്ക്കുകയോ, വേഗത കുറയ്ക്കുകയോ ചെയ്തുകൊണ്ട് മാറിയ ഗതിവിഗതികളെ വിലയിരുത്തുകയും വേണം, ഓരോ മാറ്റവും സാധ്യതയുള്ള അവസരമായി കാണുവാൻ ശ്രമിക്കുക. മാറ്റം കൈകാര്യം ചെയ്യാൻ സാധ്യമായ എല്ലാ വഴികളെപ്പറ്റിയും ഗഹനമായി ചിന്തിക്കുക. മികച്ച സമീപനം തിരഞ്ഞെടുത്ത് മാറ്റം സ്വീകരിച്ചുകൊണ്ട് നിങ്ങളുടെ ദൗത്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

നിങ്ങളിൽ ഭൂരിഭാഗവും നിങ്ങളുടെ കംഫർട്ട് സോണുകൾ വിടാൻ ആഗ്രഹിക്കുന്നില്ല. മികച്ച അവസരങ്ങൾ കൈവിട്ടുപോകാൻ ഇത് കാരണമാകും. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും മാറ്റം സംഭവിക്കും. മാറ്റമില്ലാതെ, ഒരു പുരോഗതിയും സാധ്യമല്ല. മാറ്റത്തിന് വില കൊടുക്കാൻ നിങ്ങൾ പ്രതിജ്ഞാബദ്ധരാകണം. മാറ്റം നിങ്ങൾക്ക് ഒരു കഷ്ടതയും വരുത്തുന്നില്ലെങ്കിൽ, അത് പ്രതിഫലദായകമല്ല. എന്ന് വേണം കരുതാൻ. മാറ്റങ്ങൾ നിങ്ങൾക്ക് ചുറ്റും സംഭവിക്കുന്നതിന് മുമ്പ് നിങ്ങളുടെ ഉള്ളിൽ സംഭവിക്കണം. എന്തൊക്കെ വന്നാലും മാറ്റാൻ തയ്യാറല്ലാത്തത് എന്തൊക്കെയാണെന്ന് നിങ്ങൾ തീരുമാനിക്കണം. ജീവിതത്തിൽ പുരോഗതി കൈവരിക്കാൻ, നിങ്ങൾ എല്ലായ്പ്പോഴും മാറ്റങ്ങൾ മുൻകൂട്ടി കാണുകയും സജീവമായി പ്രവർത്തിക്കുകയും വേണം.

മാറ്റങ്ങളെ എത്രമാത്രം ഗൗരവകരമായ കാണണമെന്ന് നമ്മെ മനസിലാക്കിത്തരുന്ന ഒരു മോട്ടിവേഷണൽ സ്റ്റോറി ആണ് ഒരു പരുന്തിന്റെ ജീവിത രൂപീകരണത്തിന്റെ കഥ. ഈ പ്രചോദനാത്മക കഥ പല മോട്ടിവേഷണൽ പ്രാസംഗീകരും പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കണം. ജീവിതത്തിൽ വേദനാജനകമായ പരിവർത്തന പ്രക്രിയയ്ക്ക് വിധേയമാകുന്നതിനുള്ള ശക്തമായ സന്ദേശം നൽകുന്നതാണ് ഈ കെട്ടുകഥ . കഥ ഇങ്ങനെ പോകുന്നു; പുനർജന്മത്തിന് കഠിനമായ ഒരു തീരുമാനമെടുത്താൽ പരുന്തിന് ശക്തിയോടെ എഴുപതു വർഷങ്ങൾ വരെ ജീവിക്കാൻ കഴിയും, പക്ഷെ അതിന് വേണ്ടി പരുന്ത് വേദനാജനകമായ നീണ്ടനാളത്തെ പരിവർത്തന പ്രക്രിയയിലൂടെ കടന്നുപോകേണ്ടതായി ഉണ്ട്. വളരെ വേദനാജനകവും ദൈർഘ്യമേറിയതുമായ പ്രക്രിയയായതിനാൽ എല്ലാ പരുന്തും ഈ അസാധാരണമായ പരിവർത്തനത്തിന് വിധേയമാകണമെന്നില്ല. മാറ്റത്തിനായി ധൃഢനിശ്ചയമെടുത്തിട്ടുള്ള പരുന്ത് തന്റെ നാല്പതാമത്തെ വയസ്സിൽ ഒരു മലമുകളിലേക്ക് പോകുകയും, വേദനാജനകമായ അത്ഭുത പരിവർത്തനത്തിനായി നൂറ്റമ്പതോളം ദിവസങ്ങൾ അവിടെ ഒരു ഇരുണ്ട ഗുഹയിൽ താമസിക്കുകയും ചെയ്യുന്നു. ജീവിത പരിവർത്തനത്തിനായി ആദ്യം തന്റെ പഴയ വളഞ്ഞ കൊക്ക് തട്ടിയൊടിക്കുന്നു, തൂവലുകൾ കൊത്തിപ്പറിച്ചെടുക്കുന്നു. പിന്നെ എല്ലാം പൂർണമായി വളരുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുന്നു. നൂറ്റമ്പതു ദിവസങ്ങൾ നീണ്ട കഠിനമായ പരിവർത്തനത്തിന് ശേഷം പുനർജനിക്കുന്ന പരുന്ത് ആകാശവിതാനത്തിലേക്ക് പറന്നുയിരുന്നു. തന്റെ പുതിയ കൊക്കും, ശക്തമായ ചിറകുകളും, തൂവലുകളും ഉപയോഗിച്ച് ഇനിയുമൊരു മുപ്പതു വർഷങ്ങൾ ജീവിക്കാൻ പരുന്ത് ഇപ്പോൾ തയ്യാറാണ്. ഈ കഥ ജീവശാസ്ത്രപരമായി സാധ്യമല്ല. എന്നിരുന്നാലും, പലർക്കും അവരുടെ സ്വപ്നത്തിലെത്താൻ ബുദ്ധിമുട്ടുകൾ സഹിച്ച് മാറ്റങ്ങളെ ഉൾക്കൊണ്ടു കൊണ്ട് തീവ്രമായ പരിവർത്തനത്തിലേക്ക് ജീവിതത്തെ നയിക്കാൻ ഇത് പ്രചോദനം നൽകുന്നു.

ഈ കഥയിൽ യാതൊരു വാസ്തവികത ഇല്ലെങ്കിലും ഇതിലെ സന്ദേശങ്ങൾ ജീവിത്തിൽ പകർത്താനായാൽ വലിയ മാറ്റങ്ങളെ ഉൾക്കൊണ്ടു കൊണ്ട് ഉന്നത വിജയം നേടാനാകും. പരുന്ത് ചെയ്തതു പോലെ ഒരു ജീവിതത്തിലെ ഒരു കാലഘട്ടം കഴിയുമ്പോൾ നിങ്ങളുടെ മുൻകാല ഓർമ്മകൾ, വേദനകൾ, പരാജയങ്ങൾ, വേദനാജനകമായ സംഭവങ്ങൾ, കാലഹരണപ്പെട്ട അറിവുകൾ, കഴിവുകൾ, ജോലികൾ, ആളുകൾ എന്നിവയെ പരിത്യജിച്ചുകൊണ്ട് കൊണ്ട് ഒരു മാറ്റ പ്രക്രിയയിലൂടെ കടന്നുപോകാൻ നിങ്ങൾക്കായാൽ ജീവിതത്തിന് പുതിയ മാനങ്ങൾ നല്കാൻ ഇത് നിങ്ങളെ പ്രാപ്തരാക്കും.

പരുന്തിന്റെ ജീവിതത്തിലെ മറ്റു നിരവധി വസ്തുതകൾ വിജയകരമായ ജീവിതത്തിന് പ്രചോദനം നൽകുന്നവയാണ്. പരുന്തിന്റെ സ്വഭാവം ശാന്തമാണ്, അവൻ അധികം ശബ്ദമോ ബഹളമോ ഉണ്ടക്കുകയില്ല. അത് എപ്പോഴും വളരെ ഉയരത്തിൽ മാത്രമേ പറക്കുകയുള്ളു. പരുന്ത് ഒരിക്കലും തന്നിലും വളരെ വലിപ്പം കുറഞ്ഞതായ പക്ഷികളുമായി ബന്ധപ്പെടുന്നില്ല. തന്റെ പ്രവർത്തന തലത്തിലേക്കു ഇരയെ എടുത്തുകൊണ്ടു പറന്നുയരുന്നു. അതിനാൽ ഇരയുടെ മേൽ പരുന്തിന് വിജയിക്കാൻ എളുപ്പമാണ്. ഉദാഹരണത്തിന്, ഭൂമിയിൽ മാത്രം സഞ്ചരിക്കാൻ കഴിയുന്ന പാമ്പിനെ കൊത്തിയെടുത്ത് വായുവിലേക്ക് പറന്നുയർന്നു കൊണ്ട് പാമ്പിനെ കീഴടക്കുന്നു. ഒരു വിധത്തിലും പ്രതികരിക്കാൻ കഴിയാതെ ഒടുവിൽ പാമ്പ് പരുന്തിന് ഇരയായി തീരുന്നു.

പുനർജന്മ പ്രക്രിയയുടെ സാരാംശവും കഴുകന്റെ ജീവിത രീതികളും, ഗുണങ്ങളും നിരീക്ഷിക്കുന്നവർക്ക് കൂടുതൽ കാലം സമ്പന്നനും ആരോഗ്യവാനുമായി ജീവിക്കാൻ പ്രചോദനം നൽകുന്നു. നിങ്ങൾക്ക് മുപ്പത്തഞ്ച് അല്ലെങ്കിൽ നാൽപതു വയസ്സ് പ്രായമാകുമ്പോൾ ജീവിതത്തിന്റെ ഒരു വിലയിരുത്തൽ നടത്തുകയും, അവശ്യമെങ്കിൽ നിങ്ങളെ സ്വയം പുനരുജ്ജീവിപ്പിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. അതുവഴി നിങ്ങളുടെ ജീവിതത്തെ മറ്റൊരു നാൽപ്പതു വർഷമോ അതിലധികമോ ഉയരങ്ങളിലേക്ക് കൊണ്ടുപോകാൻ കഴിയും.

എങ്ങിനെ നിങ്ങൾക്ക് ഈ കഥയിൽ നിന്നുള്ള പ്രധാന സന്ദേശം എടുത്ത് നിങ്ങളുടെ പുനർജന്മം നടത്താമെന്നു നോക്കാം. നിങ്ങൾക്ക് ഒരു മുപ്പത്തഞ്ചു വയസ്സ് പ്രായമാകുമ്പോഴേക്കും നിങ്ങളുടെ വളർച്ചയും, നേട്ടങ്ങളും ജീവിതനിലവാരവും വിലയിരുത്താനും ജീവിതത്തിൽ ഇതുവരെ എത്തിച്ചേരാൻ നിങ്ങൾ തിരഞ്ഞെടുത്ത തീരുമാനങ്ങളെ പുനർവിചിന്തനം ചെയ്യാനും തുടങ്ങും. നിങ്ങൾക്ക് മറ്റൊരു കരിയർ തിരഞ്ഞെടുക്കാനോ അല്ലെങ്കിൽ അതേ ജോലിയിൽ തന്നെ തുടരാനോ താൽപ്പര്യമുണ്ടാകാം, എന്നാൽ കൂടുതൽ ത്വരിതഗതിയിലുള്ള വളർച്ച നേടാൻ എല്ലാ അനാവശ്യ ശീലങ്ങളും നിഷേധാത്മക വിശ്വാസങ്ങളും നീക്കം ചെയ്ത് പുതിയതും മെച്ചപ്പെട്ടതുമായ കഴിവുകൾ ഉപയോഗിച്ച് സ്വയം നവീകരിക്കുക എന്നത് ഉയർച്ച ആഗ്രഹിക്കുന്ന ഏവർക്കും അവശ്യമായ പരിണാമക്രമമമാണ്.

അധികം ബഹളങ്ങളുണ്ടാക്കാതെ പ്രസരിപ്പോടെ രമണീയമായി പരുന്തിനെപ്പോലെ എപ്പോഴും ഉയരത്തിൽ പറന്നുകൊണ്ടേയിരിക്കുക. കാര്യമില്ലാതെ താഴ്ന്നു പറക്കരുത്. ഓരോ നീക്കവും സാമാന്യബുദ്ധിയോടെ ഭംഗിയായി നടത്തുക. അപ്പോൾ മറ്റുള്ളവർ നിങ്ങളുടെ ഗംഭീരമായ ഉയർന്ന ജീവിത ഗതികൾ സ്വയമേവ ശ്രദ്ധിക്കും. ചെറുതും, അവിവേവികളും, ഇടുങ്ങിയതുമായ ആളുകളുമായി ഒരിക്കലും ബന്ധപ്പെടരുത്. നിങ്ങളുടെ കർമ്മ മണ്ഡലം വിവേകത്തോടെ തിരഞ്ഞെടുക്കുക, അങ്ങിനെ ചെയ്യുക വഴി നിങ്ങൾക്ക് വിജയം സുനിശ്ചിതമാണ്.

